**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4452** **01-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.<br><br>സംരംഭക സഹായ പദ്ധതി (ESS)യിലൂടെ 10,48,802/- രൂപയും ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതിയിലൂടെ 1,44,000/- രൂപയും പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണങ്ങളുടെ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME) യിലൂടെ 34,02,186/- രൂപയും പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി (PMEGP) യിലൂടെ 1,85,82,165/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം മുന്നിൽക്കണ്ട് മണ്ഡലത്തിൽ പുതിയതായി ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | അരുവിക്കര നിയോജക മണ്ഡലത്തിലെ വനിതകളെ വരുമാനദായകരാക്കുക എന്ന ഉന്നമനം ലക്ഷ്യമാക്കി 2022-23 ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെയും നിർധനരായ വനിതകളെ ഉൾപ്പെടുത്തി ഒരു കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയും അതിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ